## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285 — 20.6.2014-ന് മറുപടിക്ക്

### 'പാർട്ട്ണർ കേരള' നിക്ഷേപക സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്<br>,, എൻ. ഷംസുദ്ദീൻ<br>'' അബ്ദുറഹിമാൻ രണ്ടത്താണി<br>'' കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) 'പാർട്ട്ണർ കേരള' എന്ന പേരിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഫണ്ട് സർക്കാരിനും നഗരസഭകൾക്കും കൂടി കണ്ടെത്തുവാൻ ബുദ്ധിമുട്ടായതിനാൽ വികസന പദ്ധതികൾക്കായി സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭകളുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിക്ഷേപകർക്ക് നഗരസഭകളിലെ നിക്ഷേപ സാദ്ധ്യതകൾ പരിചയപ്പെടുത്തുന്നതിനായാണ് പാർട്ണർ കേരള നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുള്ളത്. നഗരസഭകളുടെ കൈവശമുള്ള വസ്തുക്കളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ സാമ്പത്തിക ഭദ്രതനഗരസഭകൾക്ക് ഇല്ലാത്തതിനാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ചെറുതും വലുതും ഉൾപ്പെടെ ആകർഷകമായ പദ്ധതികൾ ഏറ്റെടുത്തു നടത്തുക വഴി നഗരസഭകളുടെ പൊതുവായ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്. |
| ബി) ഇതിൽ എത്ര പദ്ധതികൾ സമർപ്പിക്കപ്പെട്ടു എന്നും എത്ര പദ്ധതികൾ ഏറ്റെടുക്കുന്നതിനായി നിക്ഷേപകർ സമ്മതപത്രം ഒപ്പിട്ടു എന്നും എന്തുതുകയ്ക്കുള്ള പദ്ധതികൾ ഏറ്റെടുത്തു എന്നുമുള്ള വിശദവിവരം നൽകുമോ; | ബി) 89 പദ്ധതികൾ സമർപ്പിക്കപ്പെട്ടതിൽ ആകെ 4,868.79/- കോടി രൂപയ്ക്കുള്ള 80 പദ്ധതികൾക്ക് നിക്ഷേപകർ താൽപര്യം പ്രകടിപ്പിക്കുകയും 104 നിക്ഷേപകർ ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ ചർച്ചകൾ നടത്താമെന്ന് താൽപര്യപത്രം നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻഎന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | സി) | പാർട്ണർ കേരളയിൽ സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനായി സർക്കാർ ഉത്തരവ് ജി.ഒ(സാധ) 1237/14/തസ്വഭവ തീയതി 21/05/14 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ഡി) | ഈ പദ്ധതികൾ എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്? | ഡി) | നഗരസഭകൾ സമർപ്പിച്ച പ്രോജക്ടുകളിൽ ലഭിച്ച താൽപര്യ പത്രങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്കും ഡെവലപ്പ്മെന്റ് അതോറിറ്റി സെക്രട്ടറിമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്.<br>വിശദമായ പദ്ധതി രേഖ തയ്യാറാക്കി, വിവിധ ഘട്ടങ്ങളിലുള്ള അംഗീകാരം നൽകേണ്ടതിനാലും ടെൻഡർ തുടങ്ങിയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാലും ഈ പദ്ധതികൾ എന്നത്തേക്ക് പ്രവർത്തിച്ചുതുടങ്ങുമെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ